**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1767** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഡോ. ബി.ആർ.അംബേദ്ക്കർ മെമ്മോറിയർ ആർട്സ് & സയൻസ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഡോ. ബി.ആർ.അംബേദ്ക്കർ മെമ്മോറിയർ ആർട്സ് & സയൻസ് കോളേജിന്റ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ പൂർത്തിയായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | **ഡോ.ബി.ആർ.അംബേദ്ക്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിലെ പ്രധാന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ ഏകദേശം 65% പൂർത്തിയാക്കിയിട്ടുണ്ട്. ഹോസ്റ്റൽ, കാന്റീൻ എന്നിവയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. പദ്ധതി നിർവ്വഹണ ഏജൻസിയായ KITCOയുമായി ബന്ധപ്പെട്ട പദ്ധതി പൂർത്തീകരണം വേഗത്തിലാക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.** |
| (ബി) | പ്രവൃത്തി പൂർത്തീകരിച്ച ഹോസ്റ്റൽ കെട്ടിടം കോളേജിന് കൈമാറാത്തത് കൊണ്ട് ദൂരെ സ്ഥലങ്ങളിൽനിന്നും വരുന്ന വിദ്യാർത്ഥികൾക്ക് താമസ സൗകര്യം നൽകാൻ കഴിയുന്നില്ല എന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ഹോസ്റ്റൽ കെട്ടിടം നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. അടിയന്തിരമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കോളേജിന് ടി കെട്ടിടം കൈമാറാമെന്ന് കിറ്റ്കോ അധികൃതർ അറിയിച്ചിട്ടുണ്ട്. ഹോസ്റ്റൽ പ്രവർത്തന സജ്ജമാക്കുന്നതിനായുള്ള ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി 2023-24 സാമ്പത്തിക വർഷം ആകെ 18 ലക്ഷം രൂപയും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി 5.35ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം പൂർണമായും പ്രവർത്തന സജ്ജമായാൽ ഉടൻ വിദൂര സ്ഥലങ്ങളിൽ നിന്നും കോളേജിൽ എത്തിച്ചേരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി താമസ സൗകര്യം ഏർപ്പെടുത്താൻ സാധിക്കുന്നതാണ്.** |
| (സി) | എങ്കിൽ പ്രവൃത്തി പൂർത്തീകരിച്ച ഹോസ്റ്റൽ കെട്ടിടം അടിയന്തരമായി കോളേജിന് വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | **ഹോസ്റ്റൽ കെട്ടിടം നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. അടിയന്തിരമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കോളേജിന് ടി കെട്ടിടം കൈമാറാമെന്ന് കിറ്റ്കോ അധികൃതർ അറിയിച്ചിട്ടുണ്ട്. ഹോസ്റ്റൽ പ്രവർത്തന സജ്ജമാക്കുന്നതിനായുള്ള ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി 2023-24 സാമ്പത്തിക വർഷം ആകെ 18 ലക്ഷം രൂപയും** |

| | | | |
|---|---|---|---|
| | | | **ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി 5.35ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം പൂർണമായും പ്രവർത്തന സജ്ജമായാൽ ഉടൻ വിദൂര സ്ഥലങ്ങളിൽ നിന്നും കേളേജിൽ എത്തിച്ചേരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി താമസ സൗകര്യം ഏർപ്പെടുത്താൻ സാധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ